"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം - കോഴിക്കോട് ഫാറൂഖ് കോളേജിന്റെ കീഴിൽ പ്രവർത്തിക്കുന്ന PM Institute of Civil Services Examination-ൽ സിവിൽ സർവ്വീസ് എക്സാം കോച്ചിംഗ് വിദ്യാർത്ഥിയായ ശ്രീ.ബഷീർ അഹമ്മദ് പി.യ്ക്ക് മാനദണ്ഡങ്ങളിൽ ഇളവ് നല്കി, പ്രത്യേക കേസായി പരിഗണിച്ച് ഫീസ് ആനുകൂല്യം അനുവദിച്ച് ഉത്തരവാകുന്നു.

---

**പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2/2025/BCDD തീയതി,തിരുവനന്തപുരം, 06-01-2025

---

പരാമർശം:- 1) ശ്രീ.ബഷീർ അഹമ്മദ് പി. 21.08.2024-ൽ സമർപ്പിച്ച നിവേദനം

2) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 05.12.2024 ലെ BCDIR/812/2024-A2 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ഫാറൂഖ് കോളേജിന് കീഴിലുള്ള PM Institute of Civil Services Examination-ൽ സിവിൽ സർവ്വീസ് എക്സാം കോച്ചിംഗ് വിദ്യാർത്ഥിയായ ശ്രീ.ബഷീർ അഹമ്മദ് പി. (ബഷീർ നിവാസ്, ഉള്ളിശേരിക്കുന്ന് പി ഒ., നല്ലളം, കോഴിക്കോട്), എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയുടെ പട്ടികയിൽ ടി സ്ഥാപനം ഉൾപ്പെടാത്തതിനാൽ, തനിക്ക് ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കാൻ സാധിച്ചിട്ടില്ലെന്നും, കാഴ്ച വൈകല്യം നേരിടുന്നതും ബ്രെയിലിന്റെ സഹായത്തോടെ പഠനം നടത്തുന്നതും സാമ്പത്തികമായി ബുദ്ധിമുട്ടുള്ളതുമായ തനിക്ക് സിവിൽ സർവ്വീസ് എക്സാം കോച്ചിംഗിനായി പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കണമെന്നും അപേക്ഷിച്ച് പരാമർശം (1) പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി.

2) ഈ വിഷയത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ശ്രീ.ബഷീർ അഹമ്മദ് പരിശീലനം നടത്തുന്ന PM Institute of Civil Services Examination എന്ന സ്ഥാപനം നിലവിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തുന്ന സ്ഥാപനങ്ങളുടെ എംപാനൽഡ് പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ശ്രീ.ബഷീർ അഹമ്മദ് പി-യുടെ ട്യൂഷൻ ഫീസ് പൂർണ്ണമായും ടി സ്ഥാപനം ഇളവ് ചെയ്ത് നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിലെ ഹോസ്റ്റൽ സൗകര്യം പ്രയോജനപ്പെടുത്തുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 4500/- രൂപ നിരക്കിൽ തുക അടയ്ക്കേണ്ടതുണ്ട്. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള നിർദ്ദേശം സ്ഥാപനത്തിന് നൽകിയിരുന്നുവെങ്കിലും ടി സ്ഥാപനം നാളിതുവരെ ആയതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിന് സ്ഥാപനം താൽപര്യം പ്രകടിപ്പിക്കാത്ത സാഹചര്യത്തിലും, അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലയളവ് കഴിഞ്ഞു പോയതിനാലും ടി

ഉദ്യോഗാർത്ഥിയ്ക്ക് ഇനി ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയില്ല. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡ പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കാവുന്നതാണെന്നും, അതിനാൽ ശ്രീ. ബഷീർ അഹമ്മദ് പി. യുടെ കാഴ്ചവൈകല്യം, സാമ്പത്തിക സ്ഥിതി എന്നിവ കണക്കിലെടുത്ത് ടിയാനെ പ്രത്യേക പരിഗണന വിഭാഗത്തിൽ ഉൾപ്പെടുത്തി Civil Service Exam കോച്ചിംഗ് വിദ്യാർത്ഥികൾക്ക നൽകുന്ന പരമാവധി ഫീസ് ആനുകൂല്യമായ 25,000/-രൂപ അനുവദിച്ച നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം പിന്നാക്ക വിഭാഗ വികസന ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് ഫാറൂഖ് കോളേജിന്റെ കീഴിൽ പ്രവർത്തിക്കുന്ന PM Institute of Civil Services Examination-ൽ സിവിൽ സർവ്വീസ് എക്സാം കോച്ചിംഗ് വിദ്യാർത്ഥിയായ ശ്രീ.ബഷീർ അഹമ്മദ് പി.യുടെ കാഴ്ചവൈകല്യം, നിലവിലെ സാമ്പത്തിക സ്ഥിതി എന്നിവ കണക്കിലെടുത്ത്, ടിയാന്റെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച്, എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയുടെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച്, ടിയാന് ഫീസ് ആനുകൂല്യം അനുവദിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LATHA S

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കനകനഗർ, കവടിയാർ പി.ഒ., തിരുവനന്തപുരം

ശ്രീ.ബഷീർ അഹമ്മദ് പി., ബഷീർ നിവാസ്, ഉള്ളിശേരിക്കുന്ന് പി ഒ., നല്ലളം, കോഴിക്കോട്-673027

ഡയറക്ടർ, ഫാറൂക്ക് കോളേജ്, പി.എം.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവീസസ് എക്സാമിനേഷൻ, ഫാറൂക്ക് കോളേജ് കാമ്പസ്, ഫാറൂക്ക് കോളേജ് പോസ്റ്റ്, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Navasukutty K
Date: 06-01-2025 15:37:22

സെക്ഷൻ ഓഫീസർ